www.malankaralibrary.com

# ശങ്കരത്തിൽ കുടുംബം

## കിഴക്കുപുറം ശാഖ



പ്രസാധകൻ:

**കുരുവിള പുന്നൂസ്**

ശങ്കരത്തിൽ, വടക്കുപുറം.

1991

www.malankeralibrary.com

# ശങ്കരത്തിൽ കുടുംബം

## കിഴക്കുപുറം ശാഖ

പ്രസാധകൻ:

കുരുവിള പുന്നൂസ്

ശങ്കരത്തിൽ, വടക്കുപുറം.

1991

www.malankaralibrary.com

Printed at:
DIVYA PRINTERS & PUBLISHERS
Near Minerva College
Pazhavangadi-Ranny.

## സമർപ്പണം

ശങ്കരത്തിൽ കുടുംബത്തിലെ

പരേതരായ മാതാപിതാക്കളുടെ

പാവന സ്മരണയ്ക്ക് !!

www.malankaralibrary.com

# പ്രസ്താവന

ശങ്കരത്തിൽ കുടുംബത്തിൻെറ കിഴക്കുപുറം ശാഖ ഒരു ചെറിയ സംഘംമാത്രമാണ്. കുടുംബത്തിൻെറ വമ്പിച്ച ചരിത്രം താമസിയാതെ പ്രസിദ്ധപ്പെടുത്തുവാൻ പ്രവത്തകർ നിശ്ചയിച്ചിരിക്കുകയാണ്. അപ്പോൾ അതിന് ഈ ചെറിയ പുസ്തകം സഹായമായിരിക്കുമെന്ന് വിശ്വസിക്കുന്നു. ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുവാൻ സഹായിച്ച സകലരോടും, പ്രത്യേകിച്ച് പ്രസിഡൻെറ് വന്ദ്യ ദിവ്യശ്രീ ജ്ഞാനശിഖാമണി കത്തനാർ അവർകളോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തികൊള്ളുന്നു.

കിഴക്കുപുറം,
1991-1-1.

പ്രസാധകൻ
കുരുവിള പുന്നൂസ് ശങ്കരത്തിൽ.



# ശങ്കരത്തിൽ കുടുംബം

## കിഴക്കുപുറം ശാഖ

പ്രസിഡൻ്റ്: വന്ദ്യ ദിവ്യശ്രീ
ജ്ഞാനശിഖാമണി അച്ചൻ
വൈസ് പ്രസിഡൻ്റ്: ദിവ്യശ്രീ ശമുവേൽ കത്തനാർ
സെക്രട്ടറി: ശ്രീ. കെ. എം. ജോർജ്
ഖജാൻജി: ശ്രീ. സി. പി. ജോസഫ്

### കമ്മിററിക്കാർ

1 ശങ്കരത്തിൽ സി. ജോൺദാനിയേൽ
2 ,, സി. പി. ദാനിയേൽ
3 ,, സി. എം. ജോയിക്കുട്ടി
4 ,, അലക്സാണ്ടർ മാത്യു

### സംഘത്തിലെ കുടുംബ പ്രധാനികൾ

1 പറന്തൽ നിലവറേത്തുശങ്കരത്തിൽ
മിസിസ് മാത്യുകുരുവിള
2 ,, ,, ഫിലിപ്പ് കുരുവിള
3 ,, ,, മിസിസ് പുന്നൂസുകുട്ടി
4 ,, ,, കുരുവിള ജോർജ്
5 ,, ,, കുരുവിള ജോസഫ്കുട്ടി
6 ,, ,, കുരുവിള ബേബികുട്ടി
7 എലിമുള്ളുംപ്ലാക്കൽ കാവനാൽ ശങ്കരത്തിൽ
മിസിസ് മാത്യു
8 തണ്ണിത്തോട് ,, ,, മകൻ തങ്കച്ചൻ
9 എലിമുള്ളുംപ്ലാക്കൽ ,, മിസിസ് ഗീവർഗീസ്
10 ,, ,, പീലിപ്പോസ് ചാക്കോ
11 ,, ,, മത്തായി ശമുവേൽ
12 കിഴക്കുപുറം ,, പീലിപ്പോസ് ദാനിയേൽ

www.malankaralibrary.com

13 വടക്കേപ്പുറം കാവനാൽ ശങ്കരത്തിൽ
,, ,, പീലിപ്പോസ് ജോസഫ്
14 ,, ,, കുരുവിള പാപ്പച്ചൻ
15 ,, ,, കുരുവിള മാത്തുക്കുട്ടി
16 കോതപാറ ,, പീലിപ്പോസ് ശമുവേൽ
17 വടക്കേപ്പുറം ,, കെ. എം. ജോർജ്
18 ,, ,, സി. ററി. ദാനിയേൽ (തമ്പാൻ)
19 ,, ,, സി. റ്റി. ജോസഫ് (പൊങ്കിളി)
20 ,, ,, സി. എം. ജോയിക്കുട്ടി
21 കിഴക്കേപ്പുറം ശങ്കരത്തിൽ
ബഹു: ജ്ഞാനശിഖാമണി അച്ചൻ
22 ,, ,, ,, മകൻ യോഹന്നാൻ
23 ,, ,, ,, മകൻ കോശി
24 ,, ,, ,, മകൻ സരസനച്ചൻ
25 ,, ,, സി. ജോൺ ദാനിയേൽ
26 ,, ,, ജോസ്പുന്നൻ
27 ,, ,, ശമുവേൽ കത്തനാർ
28 ,, ,, ,, കുരുവിള
29 ,, ,, ,, സഖറിയ
30 ,, ,, ,, സേത് (ജോർജ് തോമസ്)
31 ,, ,, കെ. കെ. കുഞ്ഞ്
32 ,, ,, ഫിലിപ്പ് (ജോയിച്ചൻ)
33 ,, ,, തങ്കച്ചൻ (ജോൺ)
34 ,, ,, സഖറിയ മാത്യു
35 ,, ,, അലക്സാണ്ടർ മാത്യു
36 ,, ,, ബാജി (ക്ലമന്റ്സ്)

## യോഹന്നാൻ വൈദ്യനും ഭാര്യ ആച്ചിയമ്മയും



ജനനം: 1883_2_13
മരണം: 1963_10_25



ജനനം: 1885_5_8
മരണം: 1967_9_14

## പീലിപ്പോസ് തോമസ്



ജനനം: 1885_5_31
മരണം: 1983_10_20

www.malankaralibrary.com

# സംഘത്തിൻെറ നിയമങ്ങൾ

ശങ്കരത്തിൽ കുടുംബത്തിൽപെട്ട സകലരേയും ഈ ശാഖയിൽ ചേക്കാം. വിവാഹം കഴിച്ചുപോയ സ്ത്രീകാംക്കും അവരുടെ ഭർത്താക്കന്മാർക്കും, മക്കാംക്കും, മരുമക്കാംക്കും സന്ദർശകരായി ഈ യോഗത്തിൽ സംബന്ധിക്കാം. വോട്ടവകാശമില്ല. ആൺവഴിയിൽപെട്ട 20 വയസിനുമേൽ പ്രായമുള്ള സകല പുരുഷന്മാക്കും അവരിൽ വിവാഹം കഴിച്ചവരുടെ ഭാര്യമാക്കും വോട്ടവകാശമുണ്ട്. ദത്തുപുത്രന്മാക്കും ദത്തുപുത്രിമാക്കും വോട്ടുചെയ്യാം. ആക്കും പ്രവേശനഫീസില്ല. സംഘത്തിന്റെ നടത്തിപ്പിനുവേണ്ടി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നീസ്ഥാനികളും കമ്മിറ്റിക്കാരും ഉള്ളതാണ്. സംഘം കൂടുന്നതു് ക്രിസ്തുമസ്, ഉയർപ്പ് എന്നീ ദിവസങ്ങളിലും സംഘം നിശ്ചയിക്കുന്ന മറ്റ് അവസരങ്ങളിലും, ഉച്ചകഴിഞ്ഞ് കൃത്യം 2 മണിക്ക് തുടങ്ങി 3 മണിക്കു് അവസാനിപ്പിക്കുന്നതാകുന്നു. സംഘസമയത്ത് സംഘത്തിന്റെ കാര്യങ്ങളല്ലാതെ മറ്റുയാതൊന്നും സംസാരിക്കാൻ പാടില്ല. സംഘം നടത്തേണ്ട ദിവസം, പ്രസിഡന്റിനോ, വൈസ് പ്രസിഡന്റിനോ യാദൃശ്ചികമായി വരാൻ സാധിച്ചില്ലെങ്കിൽ സംഘത്തിൽനിന്നും ഒരാളിനെ നിർദ്ദേശിച്ച് സംഘം നടത്തണം. സംഘത്തിന്റെ സാധാരണ പരിപാടി_പാട്ട്, വേദവായന, കൗമാ പ്രാൎത്ഥന, റിപ്പോർട്ട് വായന, കാര്യാലോചന, അദ്ധ്യക്ഷൻ അനുവദിക്കുന്ന ഇതരവിഷയങ്ങാം ഇത്രയുമേ ഉള്ളു. സംഘാംഗങ്ങളുടെ ഇടയിൽ രോഗം, മരണം എന്നിവ ഉണ്ടായാൽ കഴിവതും വേഗം ചുമതലക്കാരെ അറിയിക്കണം.

കല്യാണത്തിൻെറ ഉറപ്പും, കല്യാണത്തീയതിയും എല്ലാവരേയും അറിയിക്കണം. അതിനു സമയം കിട്ടുകയില്ലെങ്കിൽ സംഘത്തിന്റെ ഭാരവാഹികളെ അറിയിക്കു

www.malankaralibrary.com

കയും, 2പേരെയെങ്കിലും ക്ഷണിക്കുകയും ചെയ്യണം. ഈ ശാഖയിൽപ്പെട്ടവർക്ക് കുടുംബത്തിന്റെ മറ്റു ശാഖകളിൽ ചേരുന്നതിന് നിയമപരമായി തടസ്സമില്ല. ക്രിസ്തുമതത്തിൽപെട്ട ഏതെങ്കിലും സമുദായത്തിൽ കൂടിനടക്കുന്നതിന് യോഗത്തിലെ അംഗങ്ങൾക്ക് പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. സംഘം കൂടുമ്പോൾ ഭക്ഷണം കൊടുക്കുന്നതിന് നിർബ്ബന്ധവും, വിരോധവും ഇല്ലാത്തതാകുന്നു. ഭൂരിപക്ഷാഭിപ്രായപ്രകാരം അത്യാവശ്യമെങ്കിൽ പണപ്പിരിവ് നടത്താം.

# ശങ്കരത്തിൽ കുടുംബചരിത്ര സംഗ്രഹം

കേരളത്തിൽ വടക്കൻ പറവൂരിലെ "ചന്ദ്രത്തിൽ" എന്ന ബ്രാഹ്മണകുടുംബത്തിൽനിന്നും പന്തളത്ത് "ശങ്കരത്തിൽ" എന്ന ക്രിസ്ത്യൻകുടുംബം ഉണ്ടായതിനേപ്പറ്റി മൂന്ന് ഐതിഹ്യങ്ങളാണുള്ളത്.

## ഒന്നാമത്തെ ഐതിഹ്യം

ക്രിസ്തുവർഷം 1600നുമുമ്പ് കേരളം, പറവൂർ, പന്തളം, കൊല്ലം, മാവേലിക്കര മുതലായ ചെറിയ രാജ്യങ്ങളായിരുന്നല്ലോ. അതിൽ പറവൂർ രാജ്യത്തിലെ ഒരു മന്ത്രിയും, പറവൂർ ക്ഷേത്രത്തിലെ പുരോഹിതനുമായിരുന്ന ശങ്കരൻ പോററിക്ക് ക്രിസ്തുമതത്തിൽ വിശ്വാസമുണ്ടായി. അദ്ദേഹം പറവൂർ പള്ളിയിൽചെന്ന് പത്രോസ് എന്ന പേരിൽ ജ്ഞാനസ്നാനപ്പെട്ടു. വിവരമറിഞ്ഞ പറവൂർ



രാജാവ് ബ്രാഹ്മണനേയും ബന്ധുക്കളേയും കഠിനമായി ഉപദ്രവിക്കുവാൻ തുടങ്ങി. അപ്പോൾ ബ്രാഹ്മണൻ കുടുംബസഹിതം പന്തളത്തുരാജാവിന്റെ അടുക്കൽ വന്ന് അഭയം പ്രാപിച്ചു. രാജാവ്, പന്തളം കൊട്ടാരത്തിൽ ബ്രാഹ്മണന് മന്ത്രിജോലിയും താമസിക്കാൻ "തലയനാട്" എന്ന പുരയിടവും കൊടുത്തു.

## രണ്ടാമത്തെ ഐതിഹ്യം

പറവൂർ ചന്ദ്രത്തിൽ കുടുംബത്തിലെ ബ്രാഹ്മണന് ദേവകിയമ്മ എന്ന ഒരു മകൾ ഉണ്ടായിരുന്നു. അവളെ തന്റെ അനന്തരവനേകൊണ്ട് കല്യാണം കഴിപ്പിക്കുവാൻ ബ്രാഹ്മണൻ നിശ്ചയിച്ചു. എന്നാൽ ക്ഷത്രിയനായ രാജാവ് അവളെ കല്യാണം കഴിക്കാൻ ആഗ്രഹിച്ചു. അത് ബ്രാഹ്മണന് ഇഷ്ടമായില്ല. അപ്പോൾ രാജാവ് ബ്രാഹ്മണനേയും കുടുംബത്തെയും ഉപദ്രവിക്കുകയും അവർ കുടുംബസഹിതം പന്തളത്തുരാജാവിന്റെ അടുക്കൽവന്ന് അഭയം പ്രാപിച്ച് അവിടെ താമസമാക്കുകയും ചെയ്തു.

## മൂന്നാമത്തെ ഐതിഹ്യം

പന്തളത്തുവന്നുതാമസിച്ച ബ്രാഹ്മണന്, ആയുർവ്വേദം തച്ചുശാസ്ത്രം, ജ്യോതിഷം, കായികാഭ്യാസം മുതലായവ അറിയാമായിരുന്നു. ഒരു പ്രസിദ്ധ ആയുർവ്വേദ വൈദ്യനായ അദ്ദേഹം ദൂരസ്ഥലങ്ങളിൽ ചികിത്സയ്ക്കു പോകുമായിരുന്നു. ഒരിക്കൽ കൊല്ലത്ത് ചികിത്സയ്ക്കു പോയി ഇരുട്ടത്ത് കടൽതീരംവഴി തനിയേ വന്നപ്പോൾ അക്രമികൾ അദ്ദേഹത്തിനെ ദേഹോപദ്രവംചെയ്ത് വഴിയിൽഇട്ടു. അക്കാലത്ത് കൊല്ലത്ത് ഈശോസഭക്കാരായ (ജസ്യൂട്ട്) വൈദീകർ സുവിശേഷവേല ചെയ്യുന്നകാലമായിരുന്നു. 2 വൈദീകർ രോഗികൾക്ക് പ്രാർത്ഥനനടത്തുവാൻ പോയിട്ടുവരുന്നവഴിക്ക് അവശനായ ബ്രാഹ്മണനെ കണ്ടു. അവർ അദ്ദേഹത്തെ താങ്ങിയെടുത്ത് പള്ളിയിൽ

www.malankaralibrary.com

കൊണ്ടുപോയി ശുശ്രൂഷിച്ച് സുഖപ്പെടുത്തി. അവരുടെ സേവനവും ഉപദേശവുംകൊണ്ട് ബ്രാഹ്മണൻ ജ്ഞാന സ്നാനപ്പെട്ടു. പന്തളത്തു വന്നതിന്റെശേഷം ബന്ധുക്കളേയും സഭയിൽ ചേർത്തു. അന്ന് അവരുടെ കുടുംബ പന്തളത്തുനിന്നും കൊല്ലം, കടമ്പനാട്ട് മുതലായ സ്ഥലങ്ങളിലാണ് ആരാധനയ്ക്ക് പോയിരുന്നതു്. കുറെനാ കഴിഞ്ഞപ്പോൾ പന്തളംരാജ്യം തിരുവിതാംകൂർ രാജാവ കൈവശപ്പെടുത്തിയതിനാൽ പന്തളം രാജധാനിയിൽ ബ്രാഹ്മണനു് സ്ഥാനമില്ലാതെ വന്നു. പിന്നീട് അവർ പല ശാഖകളായി പിരിഞ്ഞു. 1960ലാണ് കുടുംബ വകയായി തലയനാട്ട് പുരയിടത്തിൽ പള്ളി സ്ഥാപി ച്ചതു്. ഇപ്പോൾ ആ പള്ളി അഭിവൃദ്ധിയിലായിരിക്കുന്നു പന്തളത്തുവച്ച് ചന്ദ്രത്തിൽ എന്ന പേരു് ''ശങ്കരത്തിൽ'' എന്നു് ആയെന്നാണ് പറയുന്നതു്. ശങ്കരത്തിൽ പുലിത്തിട്ട, പീടികയിൽ (തൈമണ്ണിൽ), പാലത്തുംതല യ്ക്കൽ, കാക്കക്കുഴി എന്നിങ്ങനെ 5 ശാഖകളായിട്ടാണ് അവർ പിരിഞ്ഞതു്.

ശങ്കരത്തിൽ കുടുംബത്തിലെ അംഗങ്ങൾ ഇപ്പോൾ അമേരിക്ക, മലേഷ്യ, ഇംഗ്ളണ്ട്, മുതലായ ദൂരരാജ്യ ങ്ങളിൽ സ്ഥിരതാമസമാക്കിയിട്ടുണ്ട്. ശങ്കരത്തിൽ ശാഖ യിൽ നിന്നും മൈലപ്രായിൽ വന്നവരെ കരിങ്കുററിക്കൽ ശാഖയെന്നുപറയുന്നു. അവരിൽ നിന്നും നിരണം, ഇലന്തൂർ (ചെറുകന്നത്തു്, ചേകോട്ട്) കല്ലേലി, ചെങ്ങറ, കോന്നി (തയ്യിൽ) പത്തനാപുരം, അഞ്ചൽ എന്നീ സ്ഥ ലങ്ങളിലേക്ക് ശാഖകൾ പിരിഞ്ഞിട്ടുണ്ട്.

## പന്തളത്തു നിന്ന് കുമ്പഴവന്ന ശാഖ

ക്രിസ്തുവർഷം 1895-ൽ (മലയാള വർഷം 1070) ശങ്കരത്തിൽ ശാഖയിൽപെട്ട ശ്രീ. മാത്തൻ പീലിപ്പോസു് കുമ്പഴ വന്നു താമസമായി. അദ്ദേഹത്തിനു രോഗം വന്നപ്പോൾ ചികിത്സിക്കാനായി തൻെറ ജ്യേഷ്ഠൻ

[illegible] മത്തായി വൈദ്യനും ഭാര്യ സാറാമ്മയും



ജനനം: 1899-8-20
മരണം: 1984-10-7



ജനനം: 1906-9-8

ബഹു. ജ്ഞാനശിഖാമണി അച്ചനും ഭാര്യ തങ്കമ്മയും



ജനനം : 1910-3-10
ശെമ്മാശപട്ടം : 1924-12-14
വിവാഹം : 1935-4-16
വൈദികപട്ടം : 1938-12-25



ജനനം : 1914-3-2
മരണം : 1987-3-7

www.malankaralibrary.com



ശ്രീ. മാത്തൻ കുരുവിള വന്നു. അവർ രണ്ടുപേരും തമ്മിൽ വലിയ ഇഷ്ടമായിരുന്നു. സുഖക്കേട് രണ്ടുപേർക്കും വന്ന് ഒരാഴ്ചയിൽ തന്നെ അവർ മരിച്ചു. തുടർന്ന് അവരെ ചികിത്സിക്കാൻ വന്ന ശ്രീ. പീലിപ്പോസിന്റെ രണ്ടാമത്തെ മകൻ ശ്രീ. തോമസിന്റെ ഭാര്യ ശോശാമ്മയുടെ പിതാവ് തുമ്പമൺ തൊണ്ടംവേലിൽ നൈനാൻ വൈദ്യനും മരിച്ചു. തുടർന്ന് ശ്രീ. പീലിപ്പോസിന്റെ ഭാര്യ കുഞ്ഞൂഞ്ഞമ്മ (മറിയാമ്മ)യും പരേതയായി. എല്ലാവരുടേയും ഭൗതികാവശിഷ്ടം ശ്രീ. പീലിപ്പോസ് ഉൾപ്പെടെ 9 കുടുംബപ്രധാനികൾ പണിയിച്ച കുമ്പഴ പടിഞ്ഞാറെപള്ളി സെമിത്തേരിയിൽ വിശ്രമിക്കുന്നു.

ശ്രീ. മാത്തൻ പീലിപ്പോസിന്റെ 4 സഹോദരിമാരിൽ ഒന്നാമത്തെ ആളിനെ കൊററമ്പള്ളി തയ്യിൽ തെക്കേതിലും, രണ്ടാമത്തെ സഹോദരിയെ തുമ്പമൺ തട്ടയിൽ കട്ടങ്ങാലിലും, മൂന്നാമത്തെ സഹോദരിയെ തുമ്പമൺ നരിയാപുരത്ത് അയ്യനേത്തും, അടുത്ത സഹോദരിയെ കുമ്പഴ മങ്ങാട്ടും (വാണനല്ലൂർ കുടുംബം) വിവാഹംകഴിപ്പിച്ചു. അവരുടെ പിൻഗാമികൾ ഉന്നതനിലയിൽ കഴിയുന്നു. കുമ്പഴ വച്ച് മരിച്ച ശ്രീ. മാത്തൻ പീലിപ്പോസ്, ശ്രീ. മാത്തൻ കുരുവിള എന്നിവരുടെ തലമുറയിൽപെട്ടവരെ മാത്രമേ കിഴക്കുപുറം ശാഖയിൽ ചേർത്തിട്ടുള്ളു. ദൈവം ഈ ശാഖയെ, പുണ്യപിതാക്കളുടെ പ്രാർത്ഥനയാൽ അനുഗ്രഹിക്കട്ടെയെന്നു് പ്രാർത്ഥിക്കുന്നു.

•

മാത്തൻകുരുവിള 1901 മാർച്ച് 6-ാംതീയതി (1077 കുംഭം) 55-ാം വയസ്സിൽ കുമ്പഴവെച്ചു മരിച്ചു. ഒന്നാമത്തെ ഭാര്യ തട്ടയിൽ കളീക്കൽ ശോശാമ്മയാണ്.

അതിലുള്ള സന്താനങ്ങൾ.

1 കുരുവിള കുരുവിള
2 കുരുവിള പീലിപ്പോസ്
3 ശോശാമ്മ

www.malankaralibrary.com



രണ്ടാമത്തെ വിവാഹം

ചൂരനാട്ട് നരുവഞ്ചേരിൽ ആച്ചിയമ്മ

അതിലുള്ള സന്താനങ്ങൾ

1 തോമസ്
2 ചാക്കോ
3 മത്തായി
4 ശോശാമ്മ

## കുരുവിള കുരുവിളയുടെ മക്കളുടെ വിവരം

കുരുവിള ആദ്യമായി വിവാഹം കഴിച്ചത് കുമ്പ മേലേതിൽ അന്നമ്മയെ ആയിരുന്നു. അതിൽ 4 പെൺ മക്കളും 4 ആൺമക്കളും ഉണ്ടായി. എല്ലാവരും വിവാഹ കഴിച്ചു. പെൺമക്കൾ 3 പേരും മരിച്ചു. ആൺമക്കളിൽ മൂത്തമകൻ മാത്യുവും ഭാര്യയും മരിച്ചു. മാത്യുവിന്റെ 3 പെൺമക്കളിൽ ഒരാളേ ജീവിച്ചിരുപ്പുള്ളു. മാത്യുവിന്റെ ഏകമകൻ പുന്നൂസുകുട്ടി മരിച്ചു. അയാളുടെ ഭാര്യയും 6 മക്കളും ഉണ്ട്.

കുരുവിള കുരുവിളയുടെ രണ്ടാമത്തെമകൻ ഉണ്ണൂണ്ണി എന്നവിളിച്ചിരുന്ന ഫിലിപ്പ് ആദ്യം വിവാഹം കഴിച്ചി രുന്നത് പെരുങ്ങാല ചക്കുവള്ളിൽ അന്നമ്മയെ ആയിരു ന്നു. അന്നമ്മ മരിച്ചു. അതിലുള്ള 2 പെൺമക്കളും വിവാ ഹംകഴിച്ചു. പിന്നീട് ഫിലിപ്പ് കൊല്ലത്ത് തോട്ടത്തിൽ മേരിക്കുട്ടിയെ കല്യാണം കഴിച്ചു. അതിൽ 4 മക്കളുണ്ട്. ഫിലിപ്പ് മരിച്ചുപോയി.

കുരുവിള കുരുവിളയുടെ മൂന്നാമത്തെമകൻ കുട്ടി എന്ന് വിളിച്ചിരുന്ന തോമസ് കടമ്പനാട്ട് താഴേൽ ഏലിയാമ്മ യെ വിവാഹം കഴിച്ച് 6 കുട്ടികളുമായി. മലയായിൽ താമസിക്കുമ്പോൾ കപ്പലിൽവച്ച് മരിച്ചുപോയി ഭാര്യയും കുട്ടികളും മലയായിലെ പൗരത്വം സ്വീകരിച്ച് അവിടെ താമസിക്കുന്നു. കുരുവിള കുരുവിളയുടെ അടുത്തമകൻ ജോർജ് വിവാഹം കഴിച്ച് 6 കുട്ടികളുമായി പറന്തലിൽ താമസിക്കുന്നു.



കുരുവിള കുരുവിള രണ്ടാം കല്യാണം കഴിച്ചത് കായംകുളത്തെ (പെരിങ്ങാല) ചക്കുവള്ളിൽ മറിയാ മ്മയെ ആയിരുന്നു. ആ വിവാഹത്തിൽ ജോസഫ് കുട്ടി, ബേബിക്കുട്ടി എന്നിങ്ങനെ 2 ആൺമക്കളുണ്ട്. അവർ രണ്ടുപേരും വിവാഹം കഴിച്ച് 6, 4 കുട്ടികളു മായി പറന്തലിൽ താമസിക്കുന്നു.

## മാത്തൻ കുരുവിളയുടെ രണ്ടാമത്തെ മകൻ കുരുവിള പീലിപ്പോസിന്റെ മക്കൾ വഴി

ഇദ്ദേഹം കല്യാണം കഴിച്ചത് തുമ്പമൺ വടക്കേ ക്കര കല്ല്യാലയ്ക്കൽ പാനൂസിന്റെ മകൾ മറിയാമ്മയെ ആണ്. അതിൽ മാത്യു, ശോശാമ്മ, ഗീവർഗീസ് (കൊച്ചു കുഞ്ഞ്), കുരുവിള (ഉണ്ണൂണ്ണി), ദാനിയേൽ, ചാക്കോ, മാത്യു വേൽ, ജോസഫ് (ബേബിക്കുട്ടി), തങ്കമ്മ എന്നി ങ്ങനെ 7 ആൺമക്കളും 2 പെൺമക്കളും ഉണ്ട്. ശോശാമ്മയെ കൂടൽ കോലത്തു പാപ്പി വിവാഹം കഴിച്ചു. 6 പെൺമക്കളും 2 ആൺമക്കളും ഉണ്ട്. സന്താനങ്ങ ളെല്ലാം വിവാഹം കഴിച്ചു. മാതാപിതാക്കന്മാർ മരിച്ചു പോയി. തങ്കമ്മയെ അയിരൂർ രാമനാലിൽ വറുഗീസ് (കുഞ്ഞുകുഞ്ഞുകുട്ടി) വിവാഹം കഴിച്ചു. 6 ആൺമക്കളും 2 പെൺമക്കളുമായി ഇപ്പോൾ ചങ്ങനാശ്ശേരിയിൽ താമസിക്കുന്നു.

## കുരുവിള പീലിപ്പോസിന്റെ ആൺമക്കളുടെ വിവരങ്ങൾ

I മാത്യു

കോഴഞ്ചേരി പാമ്പാക്കോട് ഏലിയാമ്മയെ കല്യാണം കഴിച്ചു. 5 പെൺമക്കളും തങ്കച്ചൻ, മോന ച്ചൻ എന്ന് രണ്ട് ആൺമക്കളും ഉണ്ട്. മക്കളെല്ലാം വിവാഹം കഴിച്ചു. മാത്യു 1989 ആഗസ്റ്റ് 16നു് മരിച്ചു. ഭാര്യ 1991 മാർച്ച് 18ന് മരിച്ചു. തങ്കച്ചന് ഭാര്യയും 3 പെൺ മക്കളും ഉണ്ട്. ഒരു മകളെ കല്യാണം കഴിപ്പിച്ചു. തങ്കച്ചൻ 1991 ഏപ്രിൽ 18ന് മരിച്ചു. മോനച്ചനും (ഫിലിപ്പ്) ഭാര്യ അന്നമ്മയും 3 ആൺ

www.malankaralibrary.com

മക്കളും കൂടി എലിമുള്ളുംപ്ലാക്കൽ താമസിക്കുന്നു
തങ്കച്ചന്റെ ഭാര്യയും മക്കളും തണ്ണിത്തോട്ടിൽ താമസിക്കുന്ന

## 2 കൊച്ചച്ചൻ എന്നു വിളിക്കുന്ന ഗീവർഗീസ്

കുമ്പഴ മാലേത്ത് ഏലിയാമ്മയെ വിവാഹം കഴിച്ചു അതിൽ കുഞ്ഞപ്പൻ (ഫിലിപ്പ്), കുഞ്ഞച്ചൻ (വറുഗീസ്) പൊന്നച്ചൻ (മാത്യു) എന്നിങ്ങനെ 3 ആൺമക്കളും 3 പെൺ മക്കളും ഉണ്ട്. പെൺമക്കൾ 3 പേരും കല്യാണം കഴിച്ച ആൺമക്കളിൽ ഒരാൾ ആരോഗ്യകുറവുകൊണ്ട് കല്യാണം കഴിച്ചില്ല. മററവർ കല്യാണം കഴിച്ചു. ഫിലിപ്പിന് ആൺമക്കളും 2 പെൺമക്കളും ഉണ്ട്. അതിൽ 1 മകന് 1മകളും കല്യാണം കഴിച്ചു. എല്ലാവരും എലിമുള്ളുംപ്ലാക്കൽ താമസിക്കുന്നു.

## 3 കൊച്ചുണ്ണൂണ്ണി എന്നു വിളിച്ചിരുന്ന കുരുവിള

(ജനനം. 1914_1_1, മരണം. 1984_7_16) അട്ടച്ചാക്കൽ കോടത്തേത്ത് റാഹേലമ്മ( ജനനം 1916_3_25 മരണം. 1987_1_6)യെ കല്യാണം കഴിച്ചു. ഇവർക്ക് 2 പെൺമക്കളും 3 ആൺമക്കളും ഉണ്ട്. മൂത്ത മകൾ റോസിയെ ആയൂരും രണ്ടാമത്തെ മകൾ റൂബിയെ കുത്തൂപ്പുഴയും കല്യാണം കഴിപ്പിച്ചു. മുത്തമകൻ പാപ്പച്ചൻ എന്നു വിളിക്കുന്ന ഫിലിപ്പ് കുമ്പനാട്ട് കോയിക്കപ്പറമ്പിൽ മോളമ്മയെ വിവാഹം കഴിച്ചു. 1 പെണ്ണും 2 ആണുങ്ങളും സന്താനങ്ങളായുണ്ട്. കുരുവിളയുടെ രണ്ടാമത്തെ മകൻ മാത്തുക്കുട്ടി കുമ്പഴ കിണററുവിളയിൽ ആനിയമ്മയെ കല്യാണം കഴിച്ചു. അവർക്ക് 2 പെൺമക്കൾ ഉണ്ട്. മൂന്നാമത്തെ മകൻ മോനച്ചൻ 1989 ആഗസ്റ്റ് 17ന് റാന്നിയിൽ കൊററനാട് കാവുങ്കൽ മോളിക്കുട്ടിയെ കല്യാണം കഴിച്ചു. ഒരു പെൺകുട്ടിയുണ്ട്.

## 4 ദാനിയേൽ

ആദ്യവിവാഹം കിഴക്കുപുറത്ത് കുറ്റൂത്തറയിൽ പൊടിയമ്മയെ ആയിരുന്നു. അതിൽ 3 പെൺമക്കളെ

ഫിലിപ്പോസ് കുരുവിളയും (കൊച്ചുണ്ണൂണ്ണി) ഭാര്യ റാഹേലമ്മയും





ജനനം: 1914_1_1
മരണം: 1984_7_16

ജനനം: 1916_3_25
മരണം: 1987_1_3

ബഹു. ഫാദർ ശാമുവേൽ ശങ്കരത്തിലും ഭാര്യ ഏലിയാമ്മയും (പൊടിയമ്മ)





[illegible] : 1916-12-13
[illegible] : 1944-11-20
[illegible] : 1948-11-28
[illegible] : 1949-6-2
[illegible] : 1951-3-9

ജനനം : 1927-11-23
മരണം : 1990-2-12

www.malankaralibrary.com

ആൺമക്കളും ഉണ്ട്. അവർ വിവാഹം കഴിച്ചു. ദാനിയേലിന്റെ രണ്ടാം വിവാഹം ഉപ്പുതറ പഴയവീട്ടിൽ മേരിക്കുട്ടിയെ ആണ്. അതിൽ ഒരുമകനും ഒരുമകളും ഉണ്ട്. മകളെ കീക്കൊഴൂർ വാഴക്കുന്നത്ത് കല്യാണം കഴിപ്പിച്ചു. ദാനിയേൽ, മകനും ഭാര്യയുമായി കിഴക്കുപുറത്ത് (പൊന്നമ്പിൽ) താമസിക്കുന്നു.

## 5 ചാക്കോ

ആദ്യവിവാഹം കായംകുളത്ത് കിളിയിലേത്ത് കൊച്ചുറാഹേലിനെ ആയിരുന്നു. അതിൽ 3 പെൺമക്കളും ഒരു മകനും ഉണ്ട്. ഒരു മകൾ മരിച്ചുപോയി. എല്ലാവർ വിവാഹം കഴിച്ചു. രണ്ടാം വിവാഹം, ഇലന്തൂർ [illegible]കോട്ടു് മറിയാമ്മയെ ആണ്. അതിൽ സന്താനങ്ങളില്ല. ഏലിമുള്ളുംപ്ലാക്കൽ താമസിക്കുന്നു.

## 6 ശമുവേൽ

തൈക്കൂട്ടൂർ വലിയവീട്ടിൽ അന്നമ്മയെ കല്യാണം കഴിച്ചു. 2 ആൺമക്കളും 3 പെൺമക്കളും ഉണ്ട്. എല്ലാവരും കല്യാണം കഴിച്ചു. ഇപ്പോൾ പീരുമേടിനു സമീപം കോതപാറ താമസിക്കുന്നു.

## 7 ജോസഫ് (ബേബിക്കുട്ടി)

പുതുക്കുളം കാരുവേലിൽ മത്തായിയുടെ മകൾ [illegible]യെ കല്യാണം കഴിച്ചു. മകൾ ബീനയെ മണിമല പുത്തൻവയലിൽ തങ്കച്ചൻ കല്യാണം കഴിച്ചു. മകൻ [illegible] കല്യാണം കഴിച്ചില്ല. കുരുവിള പീലിപ്പോസിന്റെ പിതാവ്, മാത്തൻ കുരുവിളയുടെ ആദ്യവിവാഹത്തിലെ മകളായ മറിയമ്മയെ കുമ്പഴ തുണ്ടിയിലായ കള്ളുവയലിൽ ഈശോ കല്യാണം കഴിച്ചിരുന്നു. കൊച്ചുഞ്ഞ് (കോശി) എന്ന മകനും, കൊച്ചുറാഹേൽ എന്ന മകളും ഉണ്ടായപ്പോൾ പിതാവ് മരിച്ചു. മറിയമ്മ ബാല്യത്തിലും മരിച്ചു. കൊച്ചൂഞ്ഞ് മരിച്ചു. ഭാര്യയും 4 മക്കളും ജീവിച്ചിരിക്കുന്നു. റാഹേലമ്മയുടെ ഭർത്താവ് മരിച്ചു. പിന്നീട് മക്കളോടുകൂടി

www.malankaralibrary.com

വെച്ചൂച്ചിറയിൽ താമസിക്കുമ്പോൾ റാഹേലമ്മയും മരിച്ചു.

മാത്തൻ കുരുവിളയുടെ രണ്ടാം വിവാഹത്തിലെ മകളായ ശോശാമ്മയെ പോരുവഴി തുണ്ടിൽ വിളയിൽ ഗീവർഗീസ് കല്യാണം കഴിച്ചു. 6 സന്താനങ്ങളായപ്പോൾ മാതാപിതാക്കൾ മരിച്ചുപോയി. കുമ്പഴവച്ച് 1901 മാർച്ച് 6-ാംതീയതി 55-ാം വയസിൽ മരിച്ച മാത്തൻ കുരുവിളയുടെ ഒന്നാം വിവാഹത്തിലെ മക്കളുടേയും മററും വിവരമാണല്ലോ ഇതുവരെ പറഞ്ഞത്. ഇനിയും അദ്ദേഹം രണ്ടാംവിവാഹം കഴിച്ച ശൂരനാട്ട് നരുവഞ്ചേരിയിൽ ആച്ചിയമ്മയുടെ സന്താനങ്ങളുടെ വിവരമാണ് പറയുന്നത്.

## 1 തോമസ്

തുമ്പമൺ നരിയാപുരത്ത് മഴവമണ്ണിലായ താമരവേലിൽ സാറാമ്മയെ വിവാഹം കഴിച്ച. 3 ആൺമക്കളും 3 പെൺമക്കളും ഉണ്ട്. അവരിൽ മൂത്തമകൻ ജോർജ് വെണ്ണിക്കളത്ത് പാലാക്കന്നേൽ ഏലിയാമ്മയെ വിവാഹം കഴിച്ച. അതിൽ ഒരുമകനും 2 പെൺമക്കളും ഉണ്ട്. പെൺമക്കളിൽ മൂത്തമകൾ മേരിക്കുട്ടിയെ വിവാഹം കഴിപ്പിച്ച. രണ്ടാമത്തെ മകൾ ഗ്രേസിക്കുട്ടിയെയും വിവാഹം കഴിപ്പിച്ചു. മകൻ തോമസ് ജോർജ് M A L L. B. പാസ്സായി പത്തനംതിട്ടയിൽ വക്കീലാണ്. വക്കീൽ വയലത്തല മുണ്ടേത്തിൽ ലൈസാമ്മയെ കല്യാണം കഴിച്ചു. 2 പെൺമക്കളും 1 ആൺകുട്ടിയുമുണ്ട്. അവർ വിദ്യാർത്ഥികളാണ്.

## 2 പെണ്ണമ്മ

തോമസിന്റെ രണ്ടാമത്തെ സന്താനമായ പെണ്ണമ്മയെ റാന്നി വൈക്കത്ത് മണ്ണുങ്കൽ ഗീവർഗീസ് കല്യാണം കഴിച്ചു. 8 പെൺമക്കളും 2 ആൺമക്കളുംഉണ്ട്. എല്ലാവരും വിവാഹം കഴിച്ചു.



## 3 ദാനിയേൽ (തമ്പാൻ)

തോമസിൻെറ മൂന്നാമത്തെ സന്താനമായ ഈ ആൾ തുമ്പമൺ തെക്കേക്കര മുട്ടത്തിൽ മോളുംപുറത്ത് യോഹന്നാൻെറ മകൾ സാറാമ്മയെ കല്യാണം കഴിച്ചു. 2 ആൺമക്കളിൽ മൂത്തമകൻ മരിച്ചു. രണ്ടാമത്തെ മകൻ ജോയി കൂടലിൽ ചരിവിൽ എൽസിയെ വിവാഹം കഴിച്ചു. അതിൽ 3 പെൺമക്കളുണ്ട്. ദാനിയേലിൻെറ 2 പെൺമക്കളെ കല്യാണം കഴിപ്പിച്ചു. ലീലാമ്മ എന്നമകൾ കല്യാണം കഴിക്കാനുണ്ട്.

## 4 ജോസഫ് (പൊൻകിളി)

കൈപ്പട്ടൂർ തയ്യിൽ ഏലിയാമ്മയെ കല്യാണം കഴിച്ചു. 3 പെൺമക്കളും 2 ആൺമക്കളും ഉണ്ട്. മൂത്തമകൾ സാറാമ്മയെ നിരണത്ത് വിഴലിൽ ഉഴത്തിൽ മാത്യു അബ്രഹാം കല്യാണം കഴിച്ചു. സന്താനങ്ങളില്ല. രണ്ടാമത്തെ മകളെ ആഞ്ഞിലികുന്ന് പാറപ്പള്ളിൽ തോമസിന്റെ മകൻ മാത്യ കല്യാണം കഴിച്ചു. ജോസഫിൻെറ ഒരു മകളും 2 ആൺമക്കളും ഇനിയും കല്യാണം കഴിക്കാനുണ്ട്.

## 5 അച്ചാമ്മ (കൊച്ചുപെണ്ണ്)

തോമസിൻെറ അടുത്തസന്താനമായ ഈ മകളെ പത്തനംതിട്ട (മാക്കാംകുന്ന്) തെങ്ങുന്തറയിലായ ചാലിൽ മത്തായി കല്യാണം കഴിച്ചു. 8 പെൺമക്കളും ഒരു മകനും ഉണ്ട്. 7 പെൺമക്കളും മകനും കല്യാണം കഴിച്ചു.

## 6 അന്നമ്മ (കുഞ്ഞമ്മ)

തോമസിൻെറ ഇളയ സന്താനമായ ഈ ആളിനെ കൂടൽ ഇഞ്ചപ്പാറ ബംഗ്ലാവിൽ ബേബിക്കുട്ടി കല്യാണം കഴിച്ചു. 3 ആൺമക്കളും 3 പെൺമക്കളും ഉണ്ട്. ജോൺ ചാക്കോ എന്ന മകൻ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഒരു വൈദീകനാണ്. കുഞ്ഞമ്മയുടെ ഒരു മകളെ കല്യാണം കഴിപ്പിച്ചു. മററവരോടുകൂടി മാതാപിതാക്കൾ താമസിക്കുന്നു.

www.malankaralibrary.com

## തോമസിന്റെ സഹോദരന്മാരുടെ വിവരം

തോമസ് 1964ലും, ഭാര്യ സാറാമ്മ 1971ലും മരിച്ചു. തോമസിന്റെ അനുജൻ ചാക്കോ നരിയാപുരത്ത് അയ്യനേത്തു വീട്ടിൽ മറിയമ്മയെ കല്യാണം കഴിച്ചു. സന്താനങ്ങളില്ലാതെ മറിയമ്മ ചെറുപ്പത്തിലേ മരിച്ചുപോയതിനാൽ, ചാക്കോ ഒരു സന്യാസിയായി ജീവിച്ചു. 1965ൽ മരിച്ചു.

ചാക്കോയുടെ അനുജൻ മത്തായി, ചാക്കോയുടെ ഭാര്യയുടെ അനുജത്തി, അയ്യനേത്ത് ഏലിയാമ്മയെ കല്യാണം കഴിച്ചു. 2 ആൺമക്കളും 2 പെൺമക്കളും ഉണ്ടായി. ആൺമക്കളിൽ മൂത്തയാൾ ശമുവേൽ ഓമല്ലൂരിനു പടിഞ്ഞാറുള്ള ഊന്നുകൽ എന്ന സ്ഥലത്ത് പുത്തൻവീട്ടിൽ തങ്കമ്മയെ കല്യാണം കഴിച്ച് ഏലിമുള്ളംപ്ലാക്കൽ താമസിക്കുന്നു. അവർക്ക് 5 ആൺമക്കളും 2 പെൺമക്കളും ഉണ്ട്. ആൺമക്കളിൽ 2 പേരും 1 മകളും കല്യാണം കഴിച്ചു.

ശമുവേലിന്റെ സഹോദരൻ ജോയി കല്ലേലിൽ നിരവുംപുറത്ത് മേരിക്കുട്ടിയെ വിവാഹം കഴിച്ച് വടക്കുപുറത്തു താമസിക്കുന്നു. 4ആൺമക്കളും 1മകളും ഉണ്ട്. 1 മകൻ കല്യാണം കഴിച്ചു.

മത്തായിയുടെ ഒന്നാമത്തെ മകൾ കുഞ്ഞമ്മയെ കൈപ്പട്ടൂർ വലിയവീട്ടിലും രണ്ടാമത്തെ മകൾ കുഞ്ഞുമോളെ മൈലപ്രാ പുതിയത്തും കല്യാണം കഴിപ്പിച്ചിരിക്കുന്നു.

മത്തായിയും ഭാര്യ ഏലിയാമ്മയും മരിച്ചു.

## മാത്തൻ പീലിപ്പോസിന്റെ പിൻഗാമികളുടെ വിവരങ്ങൾ

മാത്തൻ പീലിപ്പോസ് ഇംഗ്ലീഷ് വർഷം 1901 മാർച്ച് 4-ാം തീയതി (1077 കുംഭം 21) 53-ാംവയസിൽ കമ്പഴവച്ച് മരിച്ചു.

## കുരുവിള തോമസും (ഉണ്ണൂണ്ണി) ഭാര്യ മറിയാമ്മയും



ജനനം:1921-8-13



ജനനം:1924-1-16

## ജോൺ പുന്നൻ



ജനനം:1916-5-8
മരണം:1979-5-6

www.malankaralibrary.com



ഇദ്ദേഹം ആദ്യം വിവാഹം കഴിച്ചത് കുമ്പഴ തുണ്ടിയിൽ ഈശോയുടെ സഹോദരി, ശോശാമ്മയെ ആയിരുന്നു. ശോശാമ്മ മക്കളില്ലാതെ ചെറുപ്പത്തിലേ മരിച്ചുപോയി. പിന്നീട് വിവാഹം കഴിച്ചത് തുമ്പമണ്ണിനുസമീപം നരിയാപുരം എന്നസ്ഥലത്ത് മഴുവമണ്ണിൽ (മുണ്ടക്കലേത്ത്) കുഞ്ഞാണ്ടമ്മയെ (മറിയാമ്മയെ) ആണ്. അതിൽ 5 ആൺമക്കളുണ്ടായി. പെൺമക്കളില്ല. കുഞ്ഞാണ്ടമ്മ 1077 കുംഭം 27 ന് (1901 മാർച്ച് 10) മരിച്ചു.

## ആൺമക്കളുടെ പേരുകൾ

1) യോഹന്നാൻ, 2) തോമസ്, 3) ചാക്കോ, 4) കൊച്ചുകോശി, 5) മത്തായി(ജോൺമത്തായി). ഇതിൽ ചാക്കോ ഏററവും ചെറുപ്പത്തിലേ മരിച്ചുപോയി.

## യോഹന്നാൻ

(ജനനം: 1883-2-13, മരണം: 1963-10-25)

കുമ്പഴ തുണ്ടിയിൽ കോശിയുടെ മകൾ ആച്ചിയമ്മയെ (ജനനം: 1885-5-8, മരണം: 1967-9-14) വിവാഹം ചെയ്തു. അതിൽ 5 ആൺമക്കളും 5 പെൺമക്കളും ഉണ്ടായി. ആൺമക്കളിൽ ഒരാൾ മൂന്നരവയസിനുമുമ്പും, വേറൊരാൾ (ഗീവർഗീസ്) 16-ാംവയസിലും മരിച്ചുപോയി.

## യോഹന്നാൻെറ ആൺമക്കളുടെ വിവരങ്ങൾ

### 1. ബഹു. ജ്ഞാനശിഖാമണി അച്ചൻ

ഇദ്ദേഹം കുറിയന്നൂർ മണലൂർ ഈപ്പൻെറ മകൾ തങ്കമ്മയെ വിവാഹം കഴിച്ചു. 4 ആൺമക്കളും 6 പെൺമക്കളും ഉണ്ടായി. പെൺമക്കളിൽ മൂത്തമകൾ പൊന്നമ്മ 10-ാം വയസ്സിൽ മരിച്ചു. ശേഷമുള്ള പെൺമക്കളിൽ കുഞ്ഞമ്മയെ പുനലൂരും, റോസമ്മയെ വകയാറ്റും, പൊന്നമ്മോൾ, രാജമ്മ എന്നിവരെ വടക്കേപുറത്ത് തേക്കനാപതാലിൽ ശ്രീ. ശമുവേലിന്റെ മക്കളായ ജ്യേഷ്ഠാനുജന്മാരും, ലീലാമ്മയെ വയലത്തലയും കല്യാണം കഴിപ്പിച്ചിരിക്കുന്നു.

www.malankaralibrary.com

ബഹു. അച്ചന്റെ ഭാര്യ അന്നമ്മ(തങ്കമ്മ) 1987_3_7ൽ മരിച്ചു. ബഹു.അച്ചന്റെ മൂത്തമകൻ ബേബികുട്ടിഎന്നു വിളിക്കുന്ന യോഹന്നാൻ പത്തനാപുരത്തിനു സമീപം മാത്രൂർ എന്ന സ്ഥലത്ത് പാറക്കൂട്ടത്തിൽ ഗീവർഗീസിന്റെ മകൾ സാറാമ്മയെ വിവാഹം കഴിച്ചു. 1മകനും 1മകളും ഉണ്ട്. മകൻ കസ്റ്റംസിൽ ജോലിയിലാണ്. മകൾ പഠിക്കുന്നു.

ബഹു. അച്ചന്റെ രണ്ടാമത്തെ മകൻ ജോയിച്ചൻ എന്നു വിളിച്ചിരുന്ന സ്കറിയ കൊട്ടാരക്കരെയ്ക്കു സമീപം ചെങ്ങമനാട്ടുനിന്നു് കമ്പിക്കോട്ടു ചരിവിൽ സി. കെ. മറിയാമ്മയെ കല്യാണം കഴിച്ചു. 4 സന്താനങ്ങളായപ്പോൾ സ്കറിയ 1987 മാർച്ച് 7-ാംനു മരിച്ചു. സന്താനങ്ങളിൽ പ്രസാദ് ഇന്ത്യൻഎയർഫോഴ്സിൽ ഉദ്യോഗസ്ഥനാണ്.

ബഹു.അച്ചന്റെ മൂന്നാമത്തെ മകൻ കുഞ്ഞുമോൻ എന്നു വിളിക്കുന്ന ജി. കോശി, അമേരിക്കയിൽ ഗവ.സർവ്വീസിൽ ഇരിക്കുന്നു. തിരുവനന്തപുരത്ത് സെൻട്രൽബാങ്ക്ഓഫ് ഇൻഡ്യയുടെ മാനേജരായിരുന്ന ബംഗ്ളാവിൽ സെബാസ്റ്റ്യൻെറ മകൾ രമണിയെ കല്യാണം കഴിച്ചു. 3 പെൺമക്കളുണ്ട്. വിദ്യാർത്ഥികളാണ്.

ബഹു. അച്ചന്റെ നാലാമത്തെ മകൻ സരസൻ എന്നു വിളിക്കുന്ന ബഹു. പീലിപ്പോസച്ചൻ മുണ്ടക്കയത്തിനു സമീപം ഏലപ്പാറ എന്ന സ്ഥലത്ത് പുത്തൻവീട്ടിൽ വത്സമ്മയെ വിവാഹംകഴിച്ചു. 2 പെൺമക്കളും 1 മകനുമുണ്ട്. ബഹു. അച്ചൻ അമേരിക്കയിൽ യാക്കോബായ സുറിയാനിസഭയിൽ വൈദീകനാണ്.

## 2. ജോൺ പുന്നൻ

(ജനനം: 1916 മെയ് 8, മരണം: 1979 മെയ് 6)

പുത്തൻകാവിൽ പുതിയവീട്ടിൽ തങ്കമ്മയെ കല്യാണം കഴിച്ചു. സന്താനങ്ങളില്ലാതെ രണ്ടുപേരും മരിച്ചു. വളർത്തുമകൻ ജോസ് വെട്ടിപ്പുറം പഴയവീട്ടിൽ മോളിയെ കല്യാണംകഴിച്ചു. ജോസിഎന്നും, ജോയി എന്നുംപേരുള്ള 2 ആൺകുട്ടികളുമായി ജോൺ പുന്നൻെറ ഭവനത്തിൽ താമസിക്കുന്നു.



## 3. ജോൺ ദാനിയേൽ (കുഞ്ഞൂഞ്ഞ്)

അട്ടൂർ പെരിങ്ങനാട് തെക്കുംമുറിയിൽ തങ്കമ്മയെ കല്യാണംകഴിച്ചു. 3 പെൺമക്കളും 2 ആൺമക്കളും ഉണ്ട്. മൂത്തമകൾ കുമാരിയെ നെടുവങ്കാവ് പുത്തൻവിളയിൽ അബ്രഹാം കല്യാണം കഴിച്ചു. ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ഉണ്ട്. ദാനിയേലിന്റെ രണ്ടാമത്തെമകൾ കുസുമത്തെ പുത്തൻകാവിൽ പട്ടന്താനത്ത് ജേക്കബ് വിവാഹം കഴിച്ചു. മൂന്നാമത്തെ മകൾ ലതയെ വള്ളംകുളത്ത് വിവാഹംകഴിച്ചു. ദാനിയേലിൻെറ മൂത്തമകൻ ബാബു ദാനിയേൽ മൂവാററുപുഴ പുന്നക്കോട്ടിൽ റാണിയെ കല്യാണംകഴിച്ചു. രണ്ടാമത്തെമകൻ സജി (അലക്സാണ്ടർ) വിവാഹം കഴിച്ചില്ല.

## യോഹന്നാൻെറ പെൺമക്കളുടെ വിവരം

### 1 കൊച്ചുറാഹേലമ്മ

അട്ടച്ചാക്കൽ പേരങ്ങാട്ട് മത്തായിയുടെ മകൻ സ്കറിയാ, കല്യാണംകഴിച്ചു. 3 ആൺമക്കളും 3 പെൺമക്കളും ഉണ്ട്. അവർ വിവാഹംകഴിച്ചു. കൊച്ചുറാഹേലമ്മയും ഭർത്താവും മരിച്ചു.

### 2 അച്ചാമ്മ

ഓമല്ലൂർ വടക്കടെത്തായ കോയിക്കൽ കൊച്ചുകോരുളയുടെ മകൻ ഗീവർഗീസ് കല്യാണംകഴിച്ചു. 4 ആൺമക്കളും 1 മകളുമുണ്ട്. എല്ലാവരും വിവാഹിതരായി. ഗീവർഗീസ് മരിച്ചു. അച്ചാമ്മ മക്കളോടുകൂടി കിഴക്കുപുറത്ത് കോയിക്കൽ വീട്ടിൽ താമസിക്കുന്നു.

### 3 ശലോമി (പെണ്ണമ്മ)

കായംകുളത്ത് എട്ടുതറയിൽ ബേബി കല്യാണം കഴിച്ചു. 2 ആൺമക്കളുണ്ട്. 2 പേരും വിവാഹം കഴിച്ചു.

### 4 ഏലിയാമ്മ (പൊടിയമ്മ)

അവിവാഹിതയായ ഏലിയാമ്മ ഗവ:സ്കൂൾ അദ്ധ്യാപികയായിരുന്നു. ജോലിയിൽനിന്നു വിരമിച്ചു ഇവർ ഇപ്പോൾ അഞ്ചലിൽ താമസിക്കുന്നു.

www.malankaralibrary.com

### 5 ശോശാമ്മ

ഹൈസ്കൂൾ അദ്ധ്യാപികയായിരുന്ന ഈ ആളിനെ കിഴവള്ളൂർ വലിയപറമ്പിൽ പരേതനായ ബഹു: മാത്യു കത്തനാരാണ് വിവാഹം കഴിച്ചത്. 3 ആൺമക്കളുണ്ട്. മൂത്തമകൻ ഷാജി മാത്യു ഓർത്തഡോക്സ് സുറിയാനിസഭയിൽ വിവാഹിത പട്ടക്കാരനാണ്. മറ്റ് മക്കളും വിദ്യാർത്ഥികളാണ്.

## മാത്തൻ പീലിപ്പോസിന്റെ രണ്ടാമത്തെ മകൻ തോമസ്

(ജനനം: 1885 മെയ് 31, മരണം: 1983 ഒക്: 20.)

തോമസ്; തുമ്പമൺ തൊണ്ടംവേലിൽ നൈനാൻ വൈദ്യന്റെ മകൾ ശോശാമ്മയെ കല്യാണംകഴിച്ചു. (ശോശാമ്മയുടെ ജനനം: 1890 മെയ് 6, മരണം: 1983 ഏപ്രിൽ 5) 6 പെൺമക്കളും 4 ആൺമക്കളും ഉണ്ടായി.

## തോമസിന്റെ മക്കൾ

### 1 മറിയാമ്മ

കൂടൽ കോലത്ത് ഗീവർഗീസ് കല്യാണംകഴിച്ചു. അബ്രഹാം, തോമസ്, ലീലാമ്മ എന്നീ 3 മക്കളായപ്പോൾ മറിയാമ്മ 30-ാം വയസിൽ (1942ൽ) മരിച്ചു. പിന്നീട് പുനർവിവാഹം ചെയ്ത ഭർത്താവ് 1983 ഒക്: 11ന് മരിച്ചു. മറിയാമ്മയുടെ മക്കളായ അബ്രഹാമും, തോമസും (അനിയച്ചൻ) വിവാഹംചെയ്തു. തോമസ് 1986ൽ അറേബ്യയിൽവെച്ച് അപകടത്തിൽമരിച്ചു. മറിയാമ്മയുടെ മകൾ ലീലാമ്മയെ തിരുവല്ലാ ചാലക്കുഴിയിൽ സി. എം. ജോൺ വിവാഹംചെയ്തു. 6 മക്കളായപ്പോൾ ജോൺ മരിച്ചു.

### 2 അന്നമ്മ

മണ്ണാറകുളഞ്ഞി ചിറക്കടവിൽ മത്തായിയുടെ മകൻ ജോർജ് കല്യാണംകഴിച്ചു. 2ആൺമക്കളും 4പെൺമക്കളും

## 1979 മാർച്ച് 30ന് നമ്മിൽനിന്നും വേർപെട്ടവർ



കെ. എം. പീലിപ്പോസ് (ജോർജുകുട്ടി)





ജോൺ മാത്യുവും ഭാര്യ മറിയക്കുട്ടിയും

www.malankaralibrary.com



ളുണ്ട്. എല്ലാവരും വിവാഹംകഴിച്ചു. ജോർജ് 1987ൽ മരിച്ചു. അന്നമ്മ മക്കളോടുകൂടി മണ്ണാറകുളഞ്ഞിയിൽ താമസിക്കുന്നു.

## 3 ശമുവേൽ കത്തനാർ

യാക്കോബായസഭയിൽ വൈദീകനായിരുന്ന ഇദ്ദേഹം 1951 മാർച്ച് 9-ാനു- കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടു. ഭാര്യ ചെങ്ങന്നൂർ (മുളക്കുഴ) പാങ്കാവിൽ കോശിയുടെ മകൾ ഏലിയാമ്മയാണ്. 3 പെൺമക്കളുണ്ട്. ആൺമക്കളില്ല. മൂത്തമകൾ മോളി എന്നു വിളിക്കുന്ന മറിയാമ്മയെ ചങ്ങനാശ്ശേരി ഇല്പിമൂട്ടിൽ തോമസ് വൈദ്യന്റെ മകൻ ജോഷി കല്യാണംകഴിച്ചു. 2 പെൺമക്കളുണ്ട്. ജോഷി ചങ്ങനാശേരി S. B. കോളജിലും മോളി ഇംഗ്ലീഷ് സ്കൂളിലും പഠിപ്പിക്കുന്നു.

ശമുവേൽ കത്തനാരുടെ രണ്ടാമത്തെ മകൾ കുഞ്ഞുമോൾ എന്നുവിളിക്കുന്ന ആലീസിനെ, പട്ടാഴി മണ്ണിക്കരോട്ട് കുടുംബാംഗവും അട്ടച്ചാക്കൽ സ്വദേശിയുമായിരുന്ന ചക്കാലമണ്ണിൽ ജോർജിന്റെ മകൻ ജോളി വിവാഹംകഴിച്ചു. ഇവർ നിലമ്പൂരിൽ ഉപ്പട എന്നസ്ഥലത്തു താമസിക്കുന്നു. 2 പെൺമക്കളുണ്ട്.

അച്ചന്റെ മൂന്നാമത്തെ മകൾ കുഞ്ഞ് എന്നു വിളിക്കുന്ന ഡെയിസി എം. എ., ബി. എഡ്. ജയിച്ച് നെല്ലിമൂട് സെന്റ് ക്രിസോസ്റ്റം ഹൈസ്കൂൾ അദ്ധ്യാപികയായിരിക്കുമ്പോൾ, ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട മുട്ടാർ സെന്റ് ജോർജ് ഇടവകയിൽ മണലിൽ വീട്ടിൽ പരേതനായ ശ്രീ. ജോസഫിന്റെ മകൻ ലൗലിജോസഫ് 1991 ഫെ: 9-ാംനു-മുട്ടാർ പള്ളിയിൽവച്ച് കല്യാണംകഴിച്ചു. ഇപ്പോൾ രണ്ടുപേരും തിരുവനന്തപുരത്ത് (നാലാഞ്ചിറ) താമസമാക്കിയിരിക്കുന്നു. ഫാദർ ശാമുവേൽ ശങ്കരത്തിലിന്റെ ഭാര്യ പൊടിയമ്മ 1990 ഫെബ്രുവരി 12-ാംനു- തിങ്കളാഴ്ച, മരിച്ചു. വടക്കേപുറം കത്തോലിക്കാ പള്ളിയിൽ സംസ്കരിച്ചു.

www.malankaralibrary.com

### 4 റാഹേലമ്മ

തോമസിന്റെ നാലാമത്തെ സന്താനമായ റാഹേലമ്മയെ പത്തനംതിട്ട (മാക്കാംകുന്ന്) താവളത്തിൽ പറേതനായ തോമസാണ് വിവാഹം കഴിച്ചത്. 3 ആൺമക്കളും ഒരു മകളും ഉണ്ട്. എല്ലാവരും കല്യാണംകഴിച്ചു.

### 5 കുരുവിള (ഉണ്ണൂണ്ണി)

തോമസിന്റെ അടുത്ത മകൻ കുരുവിള (ഉണ്ണൂണ്ണി) വയലത്തല കരിമ്പിനേത്ത് പീലിപ്പോസിന്റെ മകൾ മറിയാമ്മയെ കല്യാണംകഴിച്ചു. 3 ആൺമക്കളും 2 പെൺമക്കളും ഉണ്ട്. എല്ലാവരും കല്യാണംകഴിച്ചു. ആൺമക്കളിൽ ബാബു (തോമസ്) വിന് 2 ആൺമക്കളും 1 മകളുംഉണ്ട്. തമ്പി(പ്രസാദ്)ക്ക് ഒരാണും ഒരു പെണ്ണും, പീയൂസിന് ഒരുപെണ്ണും ഒരുആണും സന്താനങ്ങളുണ്ട്.

പെൺമക്കളിൽ സൂസിയെ കല്യാണംകഴിച്ചിരിക്കുന്നത് കിഴക്കേപുറത്ത് പുന്നമംഗലത്ത് ജോർജ്ജിന്റെ മകൻ ദാനിയേലാണ്. 2 ആൺമക്കളും ഒരു മകളുംഉണ്ട്. രണ്ടാമത്തെ മകൾ സിസിലിയെ കല്യാണംകഴിച്ചിരിക്കുന്നത്. ചുനക്കര ചാമവിളയിൽ ജെയിംസാണ്. 2 സന്താനങ്ങളുണ്ട്. തിരുവനന്തപുരത്ത് താമസിക്കുന്നു.

### 6 സഖറിയ

കുരുവിളയുടെ അനുജൻ സഖറിയ തിരുവനന്തപുരം ശ്രീകാര്യത്ത് ശ്രീപുരത്തുവീട്ടിൽ ഉമ്മച്ചന്റെ മകൾ മറിയാമ്മയെ കല്യാണം കഴിച്ചു. 2 ആൺമക്കളും 2 പെൺക്കളും ഉണ്ടായി. മൂത്തമകൻ കുഞ്ഞുമോൻ (തോമസ് സഖറിയ) എൻജിനീയറിംഗ് പരീക്ഷ പാസ്സായപ്പോൾ 21-ാം വയസ്സിൽ മരിച്ചു. ശേഷമുള്ള മക്കൾ വിവാഹിതരായി. മൂത്തമകൾ സൂസനെ, മണ്ണാറക്കുളഞ്ഞി ചിറത്തലയ്ക്കൽ സേവ്യർ കല്യാണംകഴിച്ചു. അവർക്ക് 1 മകനും 1 മകളും ഉണ്ട്. അടുത്തമകൾ ശശിയെ പറക്കോട്ട് നെടിയകാലായിൽ പുത്തൻ വീട്ടിൽ മാത്യുജോർജ്ജ് കല്യാണം



കഴിച്ചു. അവർക്ക് 1 മകളുണ്ട്. സഖറിയായുടെ മകൻ രാജൻ ചങ്ങനാശ്ശേരിക്ക് അടുത്ത് മാന്താനം എന്ന സ്ഥലത്ത് വാഴേപ്പറമ്പിൽ ആലീസിനെ കല്യാണംകഴിച്ചു. ഒരു പെൺകുട്ടിയുണ്ട്.

### 7 ദീനാമ്മ

തോമസിന്റെ അടുത്തസന്താനം ദീനാമ്മയെ പുത്തൻപീടിക മുക്കംപൊയ്കയിൽ അബ്രഹാം കല്യാണംകഴിച്ചു. 3 ആൺമക്കളും 2 പെൺമക്കളുമായപ്പോൾ, അവർ പാലക്കാട്ടേക്ക്പോയി താമസമായി. മക്കളിൽ 3 പേർ കല്യാണം കഴിച്ചു.

### 8 സാറാമ്മ

ദീനാമ്മയുടെ ഇളയത്താൾ സാറാമ്മയെ തിരുവല്ലാ മേമഠത്തിൽ മാത്യു കല്യാണംകഴിച്ചു. 5 ആൺമക്കളും ഒരുമകളുമായി കൊല്ലത്തിന്അടുത്ത് കടപ്പാക്കട താമസിക്കുന്നു. സന്താനങ്ങളിൽ 3 ആൺമക്കളും മകളും കല്യാണംകഴിച്ചു.

### 9 ജോർജ്ജ് തോമസ് (സേതു)

ഇദ്ദേഹം തിരുവല്ലാ കണ്ടത്തിൽ ഫിലിപ്പിന്റെ മകൾ അമ്മിണിയെ കല്യാണം കഴിച്ചു. മൂന്ന്ആൺമക്കളും മൂന്ന് പെൺമക്കളും ഉണ്ട്. പെൺമക്കളെ കല്യാണംകഴിപ്പിച്ചു. ആൺമക്കളിൽ മൂത്തയാൾ ജോസ് ഇലന്തൂർ ഓലിക്കൽ പൊന്നമ്മയെ കല്യാണംകഴിച്ചു. 2 ആൺകുട്ടികളുണ്ട്. സേതിന്റെ രണ്ടാമത്തെ മകൻ ജോൺ ബഥനി സന്യാസസംഘത്തിൽ 8 വർഷം വൈദീകപഠനം നടത്തിയതിനുശേഷം O. S. F. S സന്യാസസംഘത്തിൽ ചേർന്നു. മൂന്നാമത്തെ മകൻ ബാബു എന്ന ജോസഫ്, ഫിസിക്കൽ ട്രെയിനിംഗ് കോഴ്സ് പാസായശേഷംവീട്ടിൽ കഴിയുന്നു.വിവാഹം കഴിച്ചിട്ടില്ല.

### 10. എലിസബേത്ത് (കുഞ്ഞമ്മ)

എലിസബേത്തിനെ(കുഞ്ഞമ്മ)അടൂർ പന്നിവിഴ,പേരയിൽ(വീരപ്പള്ളിൽ)തോമസ് കല്യാണംകഴിച്ചു. 2ആൺമക്കളും 4പെൺമക്കളുമുണ്ട്. എല്ലാവരും കല്യാണംകഴിച്ചു.

www.malankaralibrary.com

## മാത്തൻ പീലിപ്പോസിന്റെ മൂന്നാമത്തെ മകൻ കൊച്ചുകോശി

ഇദ്ദേഹം ആദ്യം വിവാഹംകഴിച്ചത് പന്തളം ടൗണിൽ മുപ്പാമൂട്ടിൽ ഉമ്മച്ചന്റെ മകറം സാറാമ്മയെ ആയിരുന്നു. ആ വിവാഹത്തിൽ ദാനിക്കുട്ടി, ഏലിയാമ്മ, എസ്തേറമ്മ എന്നീ 3 സന്താനങ്ങളുണ്ടായി. സാറാമ്മയുടെ മരണശേഷം കൊച്ചുകോശി തിരുവല്ലാ ഞാഴപ്പ്ളേരിൽ ഗീവർഗീസിന്റെ മകറം അന്നമ്മയെ കല്യാണംകഴിച്ചു. അതിൽ കുഞ്ഞ് എന്ന ഒരുമകനും പെണ്ണമ്മഎന്ന ഒരുമകളും ഉണ്ടായപ്പോഴേ കൊച്ചുകോശി 1934ൽ 43-ാം വയസ്സിൽ മരിച്ചു.

### കൊച്ചുകോശിയുടെ സന്താനങ്ങളുടെ വിവരങ്ങൾ

#### ദാനിക്കുട്ടി

ദാനിക്കുട്ടി കീക്കൊഴൂർ മാടത്തേത്തു് ഫിലിപ്പിന്റെ മകറം ശോശാമ്മയെ കല്യാണംകഴിച്ചു. 6 ആൺമക്കളും 1 മകളുംഉണ്ടായി. 1974-ൽദാനിക്കുട്ടി മരിച്ചു. എല്ലാ മക്കളും വിവാഹംകഴിച്ചു.

### ദാനിക്കുട്ടിയുടെ മക്കളുടെ വിവരം

1 ശാന്തമ്മ

ശാന്തമ്മയെ അടൂർ ചൂരക്കോട്ടു് ജോർജ്ജു് കല്യാണം കഴിച്ചു. 2 പെണ്ണും 1ആണും സന്താനങ്ങളുണ്ടു്.

2 ജോയിച്ചൻ (പീലിപ്പോസ്)

ജോയിച്ചൻ (പീലിപ്പോസ്) ക[illegible]ശ്ശനാടു് കൊല്ലകടവിൽ ദാനിയേലിന്റെ മകറം പെണ്ണമ്മയെ കല്യാണം കഴിച്ചു. 2 ആണും 1 പെണ്ണും മക്കളായുണ്ടു്.

3 തങ്കച്ചൻ (ജോൺ)

തങ്കച്ചൻ (ജോൺ) വടശ്ശേരിക്കര മേലേതിൽ വറുഗീസിന്റെ മകറം വത്സമ്മയെ കല്യാണം കഴിച്ചു. 2 പെൺകുട്ടികളും 1 ആൺകുട്ടിയുമുണ്ടു്.



**ക്ളമൻറ്സ് (ബാജി)**

മരണം: 1991-7-13

www.malankaralibrary.com



**4 മോനച്ചൻ** (കോശി)

മോനച്ചൻ (കോശി) കൈപ്പട്ടൂർനിന്നു് പഴയ വീട്ടിൽ ജോളിയെ കല്യാണം കഴിച്ചു. 1 മകളുണ്ട്.

**5 സേതുക്കുട്ടി**

സേതുക്കുട്ടി ഓച്ചിറനിന്നു് ജിജിയെ കല്യാണം കഴിച്ചു. 1 ആൺകുട്ടിയുണ്ട്.

**6 ജോസ്സ്**

ജോസ്സ് വെട്ടൂർ മണക്കാട്ട് ജോർജ്ജിൻെറ മകൾ ലിസ്സിയെ കല്യാണം കഴിച്ചു. 1 പെൺകുട്ടിയുണ്ട്.

**7 വിൽസൺ**

വിൽസൺ കീഴ്‌വായ്പൂർനിന്നു് പുതിയവീട്ടിൽ ഗ്രേസിയെ കല്യാണം കഴിച്ചു. 1 ആൺകുഞ്ഞു് ഉണ്ട്.

## കൊച്ചുകോശിയുടെ മററു മക്കൾ

**ഏലിയാമ്മ**

ഇലന്തൂർ തെങ്ങുന്തറയിലായ ഇടക്കടവിൽ ജോർജ്ജ് കല്യാണം കഴിച്ചു. 2 ആൺമക്കളും 1 മകളുമുണ്ട്. എല്ലാവരും കല്യാണം കഴിച്ചു.

**എസ്തേറമ്മ**

തുമ്പമൺ ചക്കാലമണ്ണിലായ കണ്ണംപൊയ്കയിൽ കൊച്ചുണ്ണൂണ്ണി കല്യാണം കഴിച്ചു. ഒരു മകനും ഒരു മകളും ഉണ്ട്. മക്കൾ കല്യാണം കഴിച്ചു. കൊച്ചുണ്ണൂണ്ണി മരിച്ചുപോയി.

**കുഞ്ഞ്**

കൊച്ചുകോശിയുടെ രണ്ടാംവിവാഹത്തിലെ മകൻ കുഞ്ഞ് അട്ടച്ചാക്കൽ മഠത്തിലേത്ത് ഗീവർഗീസിൻെറ മകൾ ശോശാമ്മയെ (കുഞ്ഞമ്മ) കല്യാണം കഴിച്ചു. സാറാമ്മ (ഷൈനി), കോശിക്കുഞ്ഞ് എന്ന് രണ്ട് സന്താനങ്ങളുണ്ട്.

www.malankaralibrary.com

**മറിയാമ്മ** (പെണ്ണമ്മ)

കുഞ്ഞിന്റെ സഹോദരി മറിയാമ്മയെ(പെണ്ണമ്മ) പാററ്നായിൽ (ഗയ) ബംഗ്ളാവിൽ സെബാസ്ററ്യൻ വിവാഹം കഴിച്ചു. അയാാം ബിസിനസ്സ് നടത്തുന്നു. മറിയാമ്മ നേഴ്സായി സേവനം ചെയ്യുന്നു. 2 ആൺമക്കളും 1 മകളുമുണ്ട്. അവർ വിദ്യാർത്ഥികളാണ്.

കുഞ്ഞിന്റെ മാതാവ് 85 വയസുള്ള അന്നമ്മ വിശ്രമിക്കുന്നു.

## മാത്തൻ പീലിപ്പോസിന്റെ നാലാമത്തെ മകൻ മത്തായി (ജോൺ മത്തായി)

അട്ടച്ചാക്കൽ മണ്ണിലേവീട്ടിൽ കിഴക്കേതിലായ മേമുറിയിൽ സ്കറിയായുടെ മകൾ സാറാമ്മയെ 1922ൽ കല്യാണം കഴിച്ചു. 4 ആൺമക്കളും 5 പെൺമക്കളും ഉണ്ടായി. മത്തായി 1984 ഒക്ടോബർ 7–ാം തീയതി മരിച്ചു.

## സന്താനങ്ങളുടെ വിവരങ്ങൾ

### 1. പീലിപ്പോസ് (ജോർജുകുട്ടി)

(ജനനം: 1926ൽ.) ഓമല്ലൂർ നെടുങ്കണ്ടത്തിൽ മണ്ണിൽ (വിളവിനാൽ) ഉണ്ണൂണ്ണിയുടെ മകൾ തങ്കമ്മയെ കല്യാണം കഴിച്ചു. ജെസ്സി, ജിജി, ജയ എന്ന് 3 പെൺമക്കളും ഗ്രേസ്(മാത്യു) എന്ന ഒരു മകനും ഉണ്ട്. പീലിപ്പോസ് 1979 മാർച്ച് 30–ാം തീയതി കുമ്പഴ ബസപകടത്തിൽ മരിച്ചു. മക്കളെല്ലാവരും വിവാഹം കഴിച്ചു. രണ്ടാമത്തെ മകൾക്ക് ഒരു പെൺകുട്ടിയും ഒരു ആൺകുട്ടിയുമുണ്ട്. മകന് ഒരു ആൺകുട്ടിയും മൂന്നാമത്തെ മകൾ ജയയ്ക്കു് ഒരു പെൺകുട്ടിയുമുണ്ട്.

### 2. മറിയാമ്മ

വെട്ടിപ്പുറം മുണ്ടപ്പാക്കുഴിയിൽ മത്തായി കല്യാണം കഴിച്ചു. 3 പെൺമക്കളും 2 ആൺമക്കളും ഉണ്ട്. നാലു പേരും കല്യാണം കഴിച്ചു. മത്തായി 1986ൽ മരിച്ചു.



### 3. സഖറിയാ (ബേബിക്കുട്ടി)

കോട്ടയം വാകത്താനത്ത് വള്ളിക്കാട്ടിൽ അമ്മിണിയെ കല്യാണം കഴിച്ചു. ഒരുമകളും രണ്ടാൺമക്കളുമുണ്ട്. മകൾ സാലിയെ അടൂർ തോട്ടത്തിൽ വീട്ടിൽ ജോസ് കല്യാണം കഴിച്ചു. അവർ നൈജീരിയായിൽ ജോലിയിലിരിക്കുന്നു. രണ്ടാൺകുട്ടികളുണ്ട്. മകൻ മാത്യു (തമ്പി) മാവേലിക്കര പണിക്കർവീട്ടിൽ റീനായെ കല്യാണം കഴിച്ചു. ഒരു പെൺകുട്ടിയുണ്ട്. അഞ്ചൽകോളജിൽ അദ്ധ്യാപകനായിരുന്ന മാത്യു ഇപ്പോൾ കോളജിൽനിന്ന് അവധിയെടുത്ത് സൗത്ത് ആഫ്രിക്കയിൽ ജോലി നോക്കുന്നു. ഭാര്യ റീന മാവേലിക്കര സ്കൂളിൽ അദ്ധ്യാപികയാണ്. സഖറിയായുടെ ഇളയമകൻ ജേക്കബ് ഡിഗ്രി വിദ്യാർത്ഥിയാണ്.

### 4. ജോണിക്കുട്ടി (ജോൺ മാത്യു)

ചങ്ങനാശേരിക്കടുത്ത് തുക്കൊടിത്താനത്ത് ചിറയിൽ കിഴക്കേതിൽ മറിയക്കുട്ടിയെ കല്യാണം കഴിച്ചു. മൂന്ന് ആൺമക്കളായപ്പോൾ ഭാര്യയും ഭർത്താവും ബസപകടത്തിൽ 1989 മാർച്ച് 30–ാം തീയതി മരിച്ചു. മൂത്തമകൻ ക്രിറ്റസ് ജെ. മാത്യു M B B S ഉം ഭാര്യ അനിത M. B. B S. ഉം ഇംഗ്ലണ്ടിൽ ജോലിയിലാണ്. രണ്ടാമത്തെമകൻ ക്ലമന്റ്സ് ജെ. മാത്യു B. Sc. പാസായശേഷം നാട്ടിൽ റബർകട നടത്തുന്നു. മൂന്നാമത്തെ മകൻ ക്ലിന്നീസ് ജെ. മാത്യു ലോക്കൽ ഫണ്ട് ഓഡിററ് ഡിപ്പാർട്ടുമെന്റിന്റെ പത്തനംതിട്ട ഓഫീസിൽ ഓഡിറ്ററായി ജോലിയിലിരിക്കുന്നു. ഇദ്ദേഹം കോന്നി ഇല്ലിരിക്കൽ ജൂലിയെ കല്യാണംകഴിച്ചു. ഒരു മകളുണ്ട്.

### 5. അച്ചാമ്മ

മല്ലപ്പള്ളിൽ പ്രമാടത്ത് പാറയിൽ വീട്ടിൽ ജോൺ വിവാഹം കഴിച്ചു. തോമസ് (ടോമി) എന്ന ഒരുമകൻ ജനിച്ചപ്പോൾ ജോൺ മരിച്ചുപോയി. മകൻ പത്തനംതിട്ട കാതോലിക്കേററ് കോളജിൽ അദ്ധ്യാപകനാണ്. ഇദ്ദേഹം ചന്ദനപ്പള്ളി കരിക്കിനേത്ത് ജ്യോതിവില്ലായിൽ ജെയ്സിയെ വിവാഹം ചെയ്തു. ഒരു മകളുണ്ട്.

www.malankaralibrary.com

## 6. പൊന്നമ്മ

പൊന്നമ്മയെ റാന്നി കളർമണ്ണിൽ വീട്ടിൽ ചാണ്ടി വിവാഹം ചെയ്തു. ഇദ്ദേഹം പഞ്ചായത്ത് ഓഫീസറായിരുന്നു. ഇപ്പോൾ റിട്ടയർ ചെയ്തു. ജെയ്സ് എന്ന ഒരു മകനും ജാൻസി എന്ന ഒരു മകളുമുണ്ട്. മകൻ റാന്നിയിൽ പ്രസ് നടത്തുന്നു. മകൾ ഹിന്ദി സാഹിത്യാചാര്യയ്ക്ക് പഠിക്കുന്നു.

## 7. ലില്ലിക്കുട്ടി

ലില്ലിക്കുട്ടിയെ പട്ടാഴി മണ്ണിക്കരോട്ട് ബഹു. ലൂക്കോസച്ചന്റെ മകൻ ജോർജ്ജുകുട്ടി വിവാഹം കഴിച്ചു. മൂന്ന് ആൺമക്കളും ഒരു മകളുമുണ്ട്. മൂത്തമകൻ ബിനോL L Bയ്ക്ക് പഠിക്കുന്നു. രണ്ടാമത്തെമകൻ റോയി പൂനായിൽ M S.Wവിനും മകൾ റെനി രണ്ടാംവർഷ പ്രീഡിഗ്രിക്കും ഇളയ മകൻ എബി ഒന്നാംവർഷ പ്രീഡിഗ്രിക്കും പഠിക്കുന്നു.

## 8. ആലീസ്

ആലീസിനെ അടൂർ കാഞ്ഞിരക്കാട്ട് അനിയൻകുഞ്ഞ് എന്നു വിളിക്കുന്ന തോമസ് കല്യാണംകഴിച്ചു. ആലീസ് ഹൈസ്കൂൾ അദ്ധ്യാപികയാണ്. ഒരു മകളുണ്ട്. രണ്ടാം വർഷ പ്രീ-ഡിഗ്രി വിദ്യാർത്ഥിനിയാണ്.

## 9. അലക്സാണ്ടർ (പാപ്പച്ചൻ)

മണ്ണൂർ പ്ലാച്ചേരിയിൽ ഗീവർഗീസിന്റെ മകൾ വനിതാമ്മയെ കല്യാണം കഴിച്ചു. പ്രിൻസ് എന്ന ഒരു മകനും അലക്സി, റാണി എന്നു രണ്ട് പെൺമക്കളുമുണ്ട്. മൂത്ത മകൾ റാണി കോട്ടയത്തിനടുത്ത് അമലഗിരി കോളജിലും രണ്ടാമത്തെ മകൾ അലക്സി തിരുവനന്തപുരം മാർ ഈവാനിയോസ് കോളജിലും പഠിക്കുന്നു. മകൻ പ്രിൻസ് തിരുവനന്തപുരം ആയുർവ്വേദകോളജിൽ B A M.നു പഠിക്കുന്നു. മക്കൾ വിവാഹം കഴിച്ചിട്ടില്ല. മാതാപിതാക്കൾ മലയാലപ്പുഴ ജെ. എം. പി. ഹൈസ്ക്കൂൾ അദ്ധ്യാപകരാണ്.

## ശങ്കരത്തിൽ കുടുംബത്തിലെ ഒന്നാമത്തെ കത്തോലിക്കാ വൈദീകൻ



**റവ. ഫാ. തോമസ് പാഴൂർ M. A., L. T.**

പന്തളം ശങ്കരത്തിൽ കുടുംബത്തിൽനിന്നും മൈലപ്രായിൽ വന്നുതാമസിച്ച കരിങ്കുറ്റിക്കൽ ശാഖയിൽനിന്നും നിരണത്ത് താമസമാക്കിയ പാഴൂർ ശ്രീ. ഗീവർഗീസിന്റെ മകനാണ് ബഹു. തോമസ് പാഴൂരച്ചൻ. കരിങ്കുറ്റിക്കൽ ശാഖയിലെ ആദ്യത്തെ കത്തോലിക്കാ വൈദീകനാണ് ഇദ്ദേഹം. ചെറുപ്പത്തിലെ വൈദീകപട്ടം സ്വീകരിച്ച് തിരുവല്ലാ രൂപതയിൽ വൈദീകനായി. പല പള്ളികളിലും വികാരിയായിരിക്കുകയും ചുങ്കപ്പാറ ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിക്കവേ ജോലിയിൽനിന്നും വിരമിക്കുകയും ചെയ്തു. ഇപ്പോൾ തിരുവല്ലാ വൈദീകമന്ദിരത്തിൽ വിശ്രമിക്കുന്നു.

www.malankaralibrary.com




പരമ്പരാഗതമായ സൃഷ്ടിവൈഭവവും,

ആധുനികയുഗത്തിലെ പരിഷ്ക്കാര

സങ്കല്പങ്ങളും ഒത്തിണങ്ങിയ

22 Ct. സ്വർണ്ണാഭരണങ്ങൾക്ക്

ഒരു വിശ്വസ്ത സ്ഥാപനം

# തോപ്സ്
# ജൂവലേഴ്സ്

A/c Show Room

**ജൂവൽ ജംഗ്ഷൻ**

**പത്തനംതിട്ട.**

**&**

T. K. റോഡ്

**തിരുവല്ല.**

www.malankaralibrary.com

**PLAKKATTU GRANITE INDUSTRIES (P) LTD.**

PAYYANAMON P. O., KONNI.

**കെട്ടിടങ്ങൾ മുതലായവയ്ക്ക്**
**ആവശ്യമായ**
**മെററിൽ വിതരണം ചെയ്യുന്നു.**

---

**VANCHINAD RUBBER**
**&**
**PRODUCE CO. LTD.**

Regd. Office

Mannipparampil Buildings

KANJIRAPPALLY.

Managing Director
M. D. JOSEPH B. A., B. L.



K. J. സീലോടുകൂടിയ

22 Ct. സ്വർണ്ണാഭരണങ്ങൾ

യഥേഷ്ടം തെരഞ്ഞെടുക്കാവുന്ന

പത്തനംതിട്ടയിലെ

ഒരു വിശ്വസ്ത സ്ഥാപനം

**കല്ലുകളം ജൂവലേഴ്സ്**

(എയർ കണ്ടീഷൻഡ്)

**പത്തനംതിട്ട.**

www.malankaralibrary.com




# പോപ്പുലർ ചിട്ടിഫണ്ട്
# &
# ഫൈനാൻസിയേഴ്സ്

ഹെഡ് ഓഫീസ്: **വകയാർ-കോന്നി.**

ഫോൺ 263.

സെൻട്രൽ ഓഫീസ്: **പത്തനംതിട്ട.**

ഫോൺ 2663.

ആകർഷണീയമായ പലിശനിരക്കിൽ
നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
സ്വർണ്ണപ്പണയത്തിന്മേൽ
പണം കടം കൊടുക്കുന്നു.

ഇണ്ടിക്കാട്ടിൽ ബ്രദേഴ്സ്



നിങ്ങളുടെ അഭിവൃദ്ധി.
ഞങ്ങളുടെ സംതൃപ്തി.

# ഓറിയൻ്റ് ഫണ്ട്സ്

ഫോൺ 79501

ഉറപ്പും വിശ്വസ്തതയുമുള്ള നിക്ഷേപങ്ങൾക്കും
സ്വർണ്ണപ്പണയത്തിനും
മുഴുവൻ തുകയും ഇൻഷ്വർ ചെയ്യപ്പെട്ടതു്.

എല്ലാവിധ ഉരുളൻ തടികൾക്കും
സൈസ് ഉരുപ്പടികൾക്കും
# ഓറിയൻ്റ് ടിംബേഴ്സ്
കിള്ളിപ്പാലം. കരമന പി. ഓ.,
തിരുവനന്തപുരം 2.

ഫോൺ { ഓഫീസ് 79701
വീട് 62438 }

www.malankaralibrary.com

ആശംസകളോടെ !!

ദിവ്യാ പ്രിൻറേഴ്സ്

(മിനർവാ കോളജിനു സമീപം)

ഇട്ടിയപ്പാറ–റാന്നി.